(ബി) ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ പൂർത്തിയാക്കിയ നടപടികളെന്താല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 2000-2001 വർഷത്തിൽ കോഴിക്കോട് അർബൻ-2 പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗൻവാടികൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായാലുടൻ അംഗൻവാടികൾ തുടങ്ങുന്നതാണ്. ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി പഞ്ചായത്തുകൾ ഉൾപ്പെടുന്ന പന്തലായനി ബ്ലോക്കിലെ 165 അംഗൻവാടികളിലേക്കുള്ള വർക്കർ/ഹെൽപ്പർ എന്നിവരെ തെരഞ്ഞെടുത്ത് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം ഉടനെ തുടങ്ങുന്നതാണ്.

46 (570) ഓമന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമായി ഉയർത്താൻ നടപടി

ശ്രീ. ഇസഹാക്ക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഓമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആരെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്നുമുതൽ ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ആവശ്യത്തിനായുള്ള പ്ലാൻഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബ്ലോക്കുതലത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഘട്ടംഘട്ടമായി സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നത്.

(ബി) ഉണ്ട്.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന കാര്യം ഇനി പരിഗണിക്കുമ്പോൾ ഇതിനായുള്ള മാനദണ്ഡങ്ങളനുസരിച്ച് ഓമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കാര്യവും പരിശോധിക്കുന്നതാണ്.

47 (371) വാർദ്ധക്യകാല, വിധവാ പെൻഷൻ കുടിശ്ശിക

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly